പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2235 15.07.2011 ൽ മറുപടിയ്ക്ക്

## മുകുന്ദപുരം താലൂക്ക് വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന/ രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മിഷണറേറ്റിൻെറ സഹായത്തോടെ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നമ്പർ (10) ആയി ചാലക്കുടി താലൂക്ക് രൂപീകരണത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം മാത്രമേ ചാലക്കുടി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

(ബി) മൂന്ന് പഞ്ചായത്തുകൾ ഉൾപ്പെട്ട പരിയാരം ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് ആതിരപ്പിള്ളി പഞ്ചായ ത്തിൽ പുതിയ വില്ലേജ് ആഫീസ് ആരംഭിക്കുവാൻ നടപടി സ്വീക രിക്കുമോ;

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(സി) ചാലക്കുടി നിയോജക മണ്ഡല ത്തിൽപ്പെട്ട കോടശ്ശേരി വില്ലേജിൽ ഉൾപ്പെടുന്ന ഉപയോഗ ശൂന്യമായികിടക്കുന്ന ആലുവ സെറ്റിൽമെൻറ് കോളനി വക സ്ഥലം സർക്കാർ ഏറ്റെടുത്ത് പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) മുകുന്ദപുരം താലൂക്ക് കോടശ്ശേരി വില്ലേജ് സർവ്വെ 482-ൽ ആകെ വിസ്തീർണ്ണമായ 79.9293 ഹെക്ടർ ഭൂമിയിൽ 20 ഏക്കർ കഴിച്ചുള്ള ഭൂമി കോളനി നിവാസികൾക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. മേൽ 20 ഏക്കർ ഭൂമിയിൽ ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിനു വേണ്ടി 2.0236 ഹെക്ടർ ഭൂമി കളിസ്ഥലമാക്കുവാനുള്ള പ്രൊപ്പോ സൽ പരിശോധിച്ചു വരുന്നു. ബാക്കി ഭൂമിയുടെ കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ